**14-ാം കേരള നിയമ സഭ**

**13-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4040** **12.12.2018 -ൽ മറുപടിയ്ക്ക്**

**എം.സി.ഐ. പ്രവേശനാനുമതി വിലക്കിയ മെഡിക്കൽ കോളേജുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സൗകര്യങ്ങളുടെ അഭാവത്തിൽ ഈ വർഷം എം.സി.ഐ (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ )വിലക്കുകയും, പ്രസ്തുത വിലക്ക് സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലെ പ്രവേശനമാണ് അപ്രകാരം വിലക്കിയതെന്നും,അതുമൂലം എത്ര വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പ്രവേശനമാണ് തടസ്സപ്പെട്ടതെന്നും വ്യക്തമാക്കുമോ ; | (ബി) ചുവടെ പറയുന്ന നാലു മെഡിക്കൽ കോളേജുകളിലായി 550 വിദ്യാർത്ഥികളുടെ മെഡിക്കൽ പ്രവേശനം തടസപ്പെട്ടിട്ടുണ്ട്<br><br>1.അൽ അസ്സർ മെഡിക്കൽ കോളേജ് തൊടുപുഴ<br><br>2. ഡി എം വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് , വയനാട്<br><br>3. പി കെ ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, പാലക്കാട്<br><br>4. എസ് ആർ മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, തിരുവനന്തപുരം |

| | | | |
|---|---|---|---|
| (സി) | മറ്റ് പ്രൊഫഷനൽ കോളേജുകളിൽ പ്രവേശനം നേടിയിരുന്ന വിദ്യാർത്ഥികൾ ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അതുപേക്ഷിച്ച് പ്രസ്തുത മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ എടുത്തത് മൂലം അവരുടെ പഠനം നിലയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ | (സി) | അത്തരം സാഹചര്യമുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) | എം.സി.ഐ. പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടികാണിച്ചതെന്നും പ്രസ്തുത ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) യും | വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു |
| (ഇ ) | പ്രസ്തുത കോളേജിൽ ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ ) യും | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം.

| ക്രമ നം. | എം.സി.ഐ ചൂണ്ടി കാണിച്ച പോരായ്മകൾ | സ്വീകരിച്ച പരിഹാര നടപടികൾ |
|---|---|---|
| 1 | ഫാക്കൽറ്റി അഭാവം 39.42% | ഫാക്കൽറ്റി നിയമനം നടത്തുന്നതിലേയ്ക്ക് ഇൻറർവ്യൂ നടത്തുകയും റാങ്ക് ലിസ്റ്റ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 2 | നിലവിലെ മെഡിക്കൽ സൂപ്രണ്ടിൻറെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് 10 വർഷത്തിൽ താഴെ ആയതിനാൽ ടിയാനെ പ്രസ്തുത തസ്തികയിൽ അംഗീകരിക്കുവാൻ കഴിയില്ല | നിലവിലെ മെഡിക്കൽ സൂപ്രണ്ടിനെ തൽസ്ഥാനത്തു നിന്നും മാറ്റി ഫാർമകോളജി വിഭാഗം പ്രൊഫസർ & എച്ച്.ഒ.ഡി, ഡോ.ഹേമ.സി.ജി എന്നിവരെ തൽസ്ഥാനത്തേയ്ക്ക് നിയമിച്ച് അപര്യാപ്തത പരിഹരിക്കുകയുണ്ടായി |
| 3 | റസിഡൻസ് ഡോക്ടേഴ്സിൻറെ അഭാവം 51.66% ആണ്. | റസിഡൻസ് നിയമനം നടത്തുന്നതിലേയ്ക്ക് ഇൻറർവ്യൂ നടത്തുകയും റാങ്ക് ലിസ്റ്റ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് |
| 4 | ടി.ബി & ചെസ്റ്റ്, സ്കിൻ & വി.ഡി, ഓർത്തോപീഡിക്സ് & ഇ.എൻ.ടി എന്നീ വിഭാഗങ്ങളിൽ 94 ടീച്ചിംങ് ബെഡുകളുടെ അഭാവം | അതാതു സ്ഥലങ്ങളിൽ ബെഡുകളുടെ എണ്ണം പ്രദർശിപ്പിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിച്ച് അഭാവം പരിഹരിച്ചിട്ടുണ്ട്. |
| 5 | മെഡിക്കൽ കോളേജ് ഫാക്കൽറ്റീസും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിൻറെ കീഴിലുള്ള പാലക്കാട് ജില്ല ആശുപത്രിയിൽ (മെഡിക്കൽ കോളേജിൻറെ അധ്യാപന ഹോസ്പിറ്റൽ) ഉള്ള ഡോക്ടർമാരും തമ്മിൽ പരസ്പര സഹകരണം താരതമ്യേന കുറവാണ്. | 07.05.2018 തീയ്യതിയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി പ്രിൻസിപ്പാൾ, ജില്ല ആശുപത്രി സൂപ്രണ്ട് ഉൾപ്പെടുന്ന യോഗം വിളിച്ചുകൂട്ടുകയും ടി യോഗത്തിൽ തർക്ക വിഷയങ്ങൾ പരിഹരിക്കാമെന്നും ധാരണയായി |
| 6 | ക്ലിനിക്കൽ മെറ്റീരിയൽസ് രേഖകളുടെ അഭാവം | ടി രേഖകൾ ജില്ല ആശുപത്രി സൂപ്രണ്ടിൽ നിന്നും ആവശ്യപ്പെട്ട് സമാഹരിച്ച് സൂക്ഷിച്ചിട്ടുണ്ട്. |
| 7 | നഴ്സിംങ് സ്റ്റാഫുകൾ മെഡിക്കൽ കോളേജിൻറെ പ്രിൻസിപ്പാളിൻറേയോ മെഡിക്കൽ സൂപ്രണ്ടിൻറേയോ കീഴിലല്ല പ്രവർത്തിക്കുന്നത് | അടുത്ത എം.സി.ഐ ഇൻസ്പെക്ഷൻ സമയത്ത് ടി വ്യക്തികളെ ഹാജരാക്കുന്നതാണെന്ന് ജില്ല ആശുപത്രി സൂപ്രണ്ട് ഉറപ്പ് നൽകി |
| 8 | ജില്ല ആശുപത്രിയിലെ പാര മെഡിക്കൽ പോലുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ രേഖകൾ ലഭ്യമല്ല. | ജില്ല ആശുപത്രിയിൽ നിന്നും ടി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| 9 | ഔട്ട് പേഷ്യൻറ് വിഭാഗത്തിൻറെ അടിസ്ഥാന സൗകര്യങ്ങൾ അപൂർണ്ണമാണ് | ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ കൂടുതൽ സ്ഥല സൗകര്യങ്ങളോടുകൂടി പുനഃക്രമീകരിച്ചിട്ടുണ്ട് |
| 10 | ഓഡിയോമെട്രിയും സ്പീച്ച് തെറാപ്പിയും ലഭ്യമല്ല | ഓഡിയോമെട്രിക് റൂമിൽ ഇവ രണ്ടു സൗകര്യവുമുണ്ട്. |
| 11 | ഓർത്തോപീഡിക്സ് വിഭാഗം, ചർമ്മരോഗ വിഭാഗം, ടി.ബി & നെഞ്ചുരോഗ വിഭാഗം, ഇ.എൻ.ടി തുടങ്ങിയ വിഭാഗങ്ങളിൽ ബെഡുകൾ തമ്മിലുള്ള അകലം 1.5 മീ ൽ കുറവാണ് | നിയന്ത്രണാതീതമായ രോഗിനിരക്ക് കാരണം നിഷ്കർഷിക്കപ്പെട്ട അകലമായ 1.5 മീ നിലവിൽ പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ കോളേജിന്റെ തന്നെ ഹോസ്പിറ്റൽ ബ്ലോക്ക് പ്രസ്തുത സൗകര്യങ്ങളോടുകൂടി പണികഴിപ്പിക്കുന്നുണ്ട് |
| 12 | കാഷ്വാൽറ്റിയിൽ മൈനർ ഓപ്പറേഷൻ തീയേറ്റർ നിലവിലില്ല | ഇക്കാര്യം എം.സി.ഐ ഇൻസ്പെക്ടർമാർ പരിശോധിക്കുവാൻ വിട്ടുപോയതാണ്. പ്രസ്തുത സൗകര്യം ലഭ്യമാണ് |
| 13 | സെൻട്രൽ ക്ലിനിക്കൽ ലബോറട്ടറി ഇല്ല | പ്രസ്തുത ലബോറട്ടറി ഉണ്ട് |
| 14 | ഓപ്പറേഷൻ തീയേറ്റർ 7 എണ്ണം ആവശ്യമുള്ളിടത്ത് 6 എണ്ണമേ ഉള്ളൂ | എം.സി.ഐ മാനദണ്ഡ പ്രകാരം 7 എണ്ണം നിലവിലുണ്ട്. ഗൈനക്കോളജിയിലെ ഓപ്പറേഷൻ തീയേറ്റർ ഇൻസ്പെക്ടേഴ്സ് കണക്കിൽപ്പെടുത്താൻ വിട്ടുപോയതാണ്. |
| 15 | ICCU & SICU എന്നിവ ഇല്ല. കൂടാതെ PICU ൽ 5 ബെഡ് വേണ്ടതിലേയ്ക്ക് 4 എണ്ണമേ ഉള്ളൂ. | സർജിക്കൽ ഐ.സി.യു ഉള്ളതിനാൽ ഈ പരാമർശിച്ച യൂണിറ്റുകൾ ട്രോമ കെയറിനു വേണ്ടി അടച്ചിട്ടിരിക്കുകയാണ്. ആയത് ഉടനെ തന്നെ തുറക്കുന്നതാണ്. |
| 16 | റേഡിയോ ഡയഗണോസിസിൽ 4 മൊബൈൽ എക്സ് റേ മെഷീൻ ആവശ്യമുള്ളിടത്ത് 2 എണ്ണമാണ് ഉള്ളത്. 5 സ്റ്റാസ്റ്റിക് എക്സ് റേ മെഷീൻ ആവശ്യമുള്ളിടത്ത് 2 എണ്ണമേ ഉള്ളൂ. 3 യു.എസ്.ജി മെഷീനുകൾ ആവശ്യമുള്ളിടത്ത് ഒരെണ്ണമേ ഉള്ളൂ. | 2 മൊബൈൽ എക്സ് റേ മെഷീനുകൾ നിലവിലുണ്ട്. 2 എണ്ണം കൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3 സ്റ്റാസ്റ്റിക് എക്സ് റേ മെഷീൻ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 3 യു.എസ്.ജി മെഷീനുകൾ ആവശ്യമുള്ളിടത്ത് 4 എണ്ണം നിലവിലുണ്ട്. |
| 17 | CSSD പ്രവർത്തന രഹിതമാണ് | CSSD സൗകര്യം നിലവിലില്ല. ആയതിനുവേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 18 | മെഡിക്കൽ റെക്കോർഡ്സ് ഡിപ്പാർട്ട്മെൻറിൽ സ്റ്റാഫുകൾ | ഔട്ട് പേഷ്യൻറ്, ഇൻ പേഷ്യൻറ് രജിസ്ട്രേഷൻ |

| | | |
|---|---|---|
| | ഇല്ല. ടി വകുപ്പിലെ ജോലികൾ മാന്വൽ ആയാണ് ചെയ്യുന്നത്. | കംപ്യൂട്ടറൈസ്ഡ് ആണ്. ശേഷിക്കുന്നവ കംപ്യൂട്ടർവൽക്കരിക്കുന്നതാണ്. |
| 19 | സെൻട്രൽ റിസർച്ച് ലബോറട്ടറിയിലെ സൗകര്യങ്ങൾ അപര്യാപ്തമാണ് | എല്ലാ സൗകര്യങ്ങളോടും കൂടിയ സെൻട്രൽ റിസർച്ച് ലബോറട്ടറി, മെഡിക്കൽ കോളേജിൻറെ പുതിയ ബ്ലോക്കിൽ നിർമ്മിക്കുന്നുണ്ട്. |
| 20 | എക്സാമിനേഷൻ ഹാളിലെ ഇരിപ്പിട സൗകര്യം 250 ആവശ്യമുള്ളിടത്ത് 150 മാത്രമാണ് ഉള്ളത് | പുതുതായി പണികഴിപ്പിച്ച അക്കാദമിക് ബ്ലോക്കിൽ 250 സ്റ്റുഡൻസിനെ ഉൾക്കൊള്ളുന്ന എക്സാമിനേഷൻ ഹാൾ സൗകര്യമുണ്ട്. |
| 21 | 120 ഇരിപ്പിട സൗകര്യമുള്ള 4 ലക്ചർ തീയേറ്റേഴ്സ് വേണ്ടിടത്ത് 110 സീറ്റിംങ് സൗകര്യമുള്ള 2 ലക്ചർ തീയേറ്റേഴ്സ് മാത്രമാണ് നിലവിലുള്ളത്. കൂടാതെ അവ ഗാലറി ടൈപ്പുമല്ല | 110 ഇരിപ്പിട സൗകര്യമുള്ള 3 ലക്ചർ തീയേറ്ററുകൾ മെയിൻ ബ്ലോക്കിൽ ഉണ്ട്. 150 സൗകര്യത്തോടുകൂടിയ 4 മത്തെ ലക്ചർ തീയേറ്റർ അക്കാദമിക് ബ്ലോക്കിൽ ഉണ്ട്. |
| 22 | സെൻട്രൽ ലൈബ്രറിയുടെ സ്ഥല സൗകര്യം 1600 സ്ക്വ.മീ ആവശ്യമുള്ളിടത്ത് 336 സ്ക്വ.മീ. സ്ഥലസൗകര്യമേ ഉള്ളൂ. സ്റ്റുഡൻസ് വായനാമുറി (പുറത്ത്), സ്റ്റാഫ് വായന മുറി എന്നിവ ഇല്ല. സ്റ്റുഡൻസ് വായനാമുറി(അകത്ത്) ഇരിപ്പിട സൗകര്യം 100 ആവഴ്യമുള്ളിടത്ത് 50 മാത്രമാണ് ഉള്ളത്. ബുക്കുകളുടെ എണ്ണം 5000 ആവശ്യമുള്ളിടത്ത് 4305 ആണ് ഉള്ളത്. 60 ജേർണൽസ് ആവശ്യമുള്ളടത്ത് 50 എണ്ണമേ ഉള്ളൂ. | 1. പുതുതായി പണികഴിപ്പിച്ച അക്കാദമിക് ബ്ലോക്കിലേയ്ക്ക് ലൈബ്രറി സൗകര്യം ഉടനെ തന്നെ മാറ്റുന്നതാണ്.<br>2. ആവശ്യമായ സ്ഥലസൗകര്യം പുതിയ ബ്ലോക്കിലെ സെൻട്രൽ ലൈബ്രറിയിൽ ലഭ്യമാണ്<br>3. കുറവുള്ള ബുക്കുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജേർണലുകൾ വാങ്ങുന്നതിലേയ്ക്ക് സപ്പ്ളെ ഓർഡർ നൽകിയിട്ടുണ്ട് |
| 23 | സെൻട്രൽ ഫോട്ടോഗ്രാഫിക് സെക്ഷനിൽ സ്റ്റാഫുകളും ഉപകരണങ്ങളും ലഭ്യമല്ല | പുതിയ അക്കാദമിക് ബ്ലോക്കിൽ പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| 24 | സ്റ്റുഡൻസ് ഹോസ്റ്റലും റസിഡൻസ് ഹോസ്റ്റലും ആവശ്യമായ സൗകര്യങ്ങൾ ഇല്ല | സ്റ്റുഡൻസ് ഹോസ്റ്റലും റസിഡൻസ് ഹോസ്റ്റലും ചൂണ്ടികാണിച്ച പോരായ്മളായ കോമൺ റൂം, വിസിറ്റേഴ്സ് റൂം, കംപ്യൂട്ടർ റൂം എന്നിവ ഇല്ലാത്തത് പരിഹരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 25 | നഴ്സസ് ഹോസ്റ്റൽ ഇല്ല | കോളേജ് ക്യാമ്പസിൽ നഴ്സസ് ഹോസ്റ്റൽ പണികഴിപ്പിക്കുന്നതാണ്. നിലവിൽ ജില്ല ആശുപത്രി ബിൽഡിങ്ങ് മുകൾ നിലയിൽ നഴ്സ് ഹോസ്റ്റൽ ഉണ്ട്. |
| 26 | നോൺ ടീച്ചിംങ് സ്റ്റാഫിനുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഇല്ല | കോളേജ് ക്യമ്പസിൽ ഉടൻ തന്നെ പണികഴിപ്പിക്കുന്നതാണ് |
| 27 | മാനദണ്ഡങ്ങൾക്ക് അനുസരിച്ചല്ല ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പ്രവർത്തിക്കുന്നത് | ടീച്ചിംങ് ഹോസ്പിറ്റൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിൻറെ കീഴിലും ടീച്ചിംങ് ഹോസ്പിറ്റലിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസേഴ്സ് സ്റ്റേറ്റ് ഗവൺമെൻറ് മാനദണ്ഡങ്ങൾ അനുസരിച്ചാണ് സേവനമനുഷ്ഠിക്കുന്നത്. കൂടാതെ ടീച്ചിംങ് ഹോസ്പിറ്റൽ സൗകര്യങ്ങൾ പുതുക്കിയിട്ടുണ്ട്.<br>മെഡിക്കൽ കോളേജ് ബ്ലോക്കിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എം.സി.ഐ മാനദണ്ഡമനുസരിച്ച് ആവശ്യമായ വ്യവസ്ഥകൾ നൽകിയിട്ടുണ്ട്. |
| 28 | റൂറൽ ഹെൽത്ത് ട്രെയിനിംങ് സെൻററുകളിലും അർബൻ ഹെൽത്ത് സെൻററുകളിലും വിദഗ്ദരുടെ സന്ദർശനം സംഘടിപ്പിക്കുന്നില്ല | വിദഗ്ദരുടെ സന്ദർശനം സംഘടിപ്പിച്ചിട്ടുണ്ട് |
| 29 | വെബ്സൈറ്റ് ഇൻഫർമേഷനുകൾ അപൂർണ്ണമായാണ് അപ്‌ലോഡ് ചെയ്തിട്ടുള്ളത് | ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള പുതിയ വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. |
| 30 | മറ്റു പോരായ്മകൾ ചൂണ്ടികാണിച്ചിട്ടുള്ള അസ്സസ്മെൻറ് റിപ്പോർട്ട് – മുകളിൽ പരാമർശിച്ച പോരായ്മകൾ ചൂണ്ടികാണിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി കൗൺസിൽ പാലക്കാട് മെഡിക്കൽ കോളേജിലേയ്ക്ക് 5 മത് ബാച്ച് ആഡ്മിഷനുള്ള അനുമതി നൽകേണ്ടതില്ലായെന്ന് സെൻട്രൽ ഗവൺമെൻറിനോട് ശുപാർശ ചെയ്തു | പ്രധാനപ്പെട്ട എല്ലാ ന്യൂനതകളും പരിഹരിക്കപ്പെട്ടിട്ടുണ്ട്. ശേഷിച്ച പരിഹരിക്കാത്ത ചെറിയ ന്യൂനതകൾ എല്ലാം തന്നെ 5 മത് ബാച്ച് അഡ്മിഷനു മുൻപു തന്നെ പരിഹരിച്ചുകൊള്ളാമെന്നുള്ള ഉറപ്പിൻമേൽ 20.06.2018 ലെ WP(C) No. 18985/2018 എന്ന ഹർജിയിൻമേലുള്ള ബഹു.കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 2018-19 വർഷത്തെ അഡ്മിഷനുള്ള അനുമതി ലഭിച്ചു. അതിനെ തുടർന്ന് 100 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും അവരുടെ അദ്ധ്യയനം നടന്നുവരുകയുമാണ്. |